**APPENDIX H4**

**Notice**

This is to inform Shri. Ranganathan S, Senior Fire and Rescue Officer No. 4631 (designation), Fire and Rescue Station, Perinthalmanna (Place of appointment etc.) that Notice was issued on 06.06.2024 (Vide Charge Memo No. RFOPKD/2239/2022-E dated. 06.06.2024) in your last known addresses directing you to submit your written statement of defence / explanation as to why disciplinary action as contemplated under Kerala Civil Services (Classification, Control and Appeal) Rules, 1960 should not be taken against you. But the covers containing the Notice was returned to the Department undelivered by the postal authorities with endorsement **Left India** (reason for non-delivery to be mentioned). So you may please take notice that if within 15 days from the date of publication of this notice, your written statement of defence or other explanation against the charges framed against you is not received, it will be presumed that you have no defence to put further and further action will be taken accordingly. You may obtain the full text of the memo of charges with the statement of allegations/ show cause memo from Regional Fire Officer, Regional Fire Office, Fire & Rescue Services, Palakkad (Designation of the officer, Name of office) during office hours in my office on an application made by you, furnishing your addresses to which it is to be sent prior to the stipulated period.

Designation of the disciplinary authority.

Regional Fire Officer
Regional Fire Office
Palakkad

**ഭരണഭാഷ-മാതൃഭാഷ**

നം RFOPKD/2239/2022-E

റീജിയണൽ ഫയർ ഓഫീസറുടെ കാര്യാലയം,
ഫയർ ആൻറ് റെസ്ക്യൂ സർവീസസ്,
പാലക്കാട്. പിൻ-678001
തീയതി: 06-06-2024
ഫോൺ നം: 0491 2505758
Email Id: dopkd.frs@kerala.gov.in

**ചാർജ്ജ് മെമ്മോ**

പെരിന്തൽമണ്ണ ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർ നം. 4631 ശ്രീ.എസ്. രംഗനാഥനെതിരെയുള്ള ചാർജ്ജ്.

I. സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർ നം. 4631 ശ്രീ. എസ്. രംഗനാഥൻ, മലപ്പുറം ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ സീനിയർ ഫയർ & റെസ്ക്യൂ ഓഫീസറായിരുന്ന കാലയളവിൽ അനധികൃതമായി ഡ്യൂട്ടിക്ക് ഹാജരാകാതിരുന്നതിനെ തുടർന്ന് 05.09.2012 മുതൽ സർവീസിൽ നിന്നും നീക്കം ചെയ്ത് കൊണ്ടുള്ള പാലക്കാട് റീജിയണൽ ഫയർ ഓഫീസറുടെ 08.07.2015 തീയതിയിലെ നടപടിക്രമം റദ്ദ് ചെയ്ത് കൊണ്ട് സർവീസിൽ പുന:പ്രവേശിക്കപ്പെട്ട് പെരിന്തൽമണ്ണ അഗ്നിരക്ഷാനിലയത്തിൽ 14.08.2019 മുതൽ നിയമിക്കപ്പെട്ട താങ്കൾ നിരന്തരമായി, മേലധികാരിയുടെ മുൻകൂർ അനുമതി കൂടാതെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തുടർച്ചയായി ഡ്യൂട്ടിയിൽ നിന്ന് വിട്ടു നിൽക്കുന്നതായും, മെഡിക്കൽ ബോർഡിന്റെ മുമ്പാകെ ഹാജരാകാനുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ലായെന്നും പാസ്പോർട്ട് വിവരങ്ങൾ സമർപ്പിക്കാതെ ബോധപൂർവം മറച്ചു വെച്ചുവെന്നും അനധികൃതമായി വിദേശ യാത്രകൾ നടത്തിയതായും, ശരിയായ മേൽവിലാസം നൽകുന്നില്ലായെന്നും, കുറച്ചു ദിവസങ്ങൾ മാത്രം ജോലിക്ക് ഹാജരായി ദീർഘകാലയളവിലേക്ക് ഡ്യൂട്ടിയിൽ നിന്ന് അപ്രത്യക്ഷനാകുന്നുവെന്നും, സ്പാർക്ക് വിവരങ്ങൾ പൂർണമാക്കുന്നതിന് ആവശ്യപ്പെട്ട വ്യക്തിഗത വിവരങ്ങൾ സമർപ്പിക്കുന്നില്ലായെന്നും, ജില്ലാ ഫയർ ഓഫീസർ നൽകിയ നോട്ടീസിന് വ്യക്തമായ മറുപടി നൽകാതെ ധിക്കാരപരമായി പെരുമാറുന്നതായും, മലപ്പുറം ജില്ലാ ഫയർ ഓഫീസർ വിവിധ തീയതികളിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിച്ചതിൽ പെരിന്തൽമണ്ണ ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർ നം. 4631 ശ്രീ.എസ്. രംഗനാഥന്റെ പ്രവർ ത്തികൾ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ചുമതലപ്പെട്ട ഫയർ ആന്റ് റെസ്ക്യൂ വകുപ്പിലെ ഒരു ജീവനക്കാരന് യോജിച്ച പ്രവർത്തികൾ അല്ലായെന്നും പ്രസ്തുത പ്രവർത്തികളിലൂടെ ഗുരുതരമായ അച്ചടക്കലംഘനം, കൃത്യവിലോപം, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടലംഘനം എന്നിവ മന:പൂർ വ്വം നടത്തിയിരിക്കുന്നതായും ബോധ്യപ്പെട്ടു.

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ബാധ്യതപ്പെട്ട അച്ചടക്കസേനവിഭാഗത്തിലെ അംഗമെന്ന നിലയിൽ കൃത്യനിഷ്ഠയും അച്ചടക്കവും പാലിക്കേണ്ട താങ്കൾ ആയത് തുടർച്ചയായി ലംഘിച്ചിരിക്കുന്നതായി കാണുന്നു. ആയതിനാൽ സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർ നം. 4631 ശ്രീ. എസ്. രംഗനാഥൻ എന്ന താങ്കൾ ചുവടെ ചേർക്കുന്ന കുറ്റങ്ങൾ ചെയ്തതായി അനുമാനിച്ച് കൊണ്ട് താങ്കൾക്കെതിരെ കുറ്റപത്രം പുറപ്പെടുവിക്കുന്നു.

1. ഗുരുതരമായ അച്ചടക്ക ലംഘനം
2. ഗുരുതരമായ കൃത്യവിലോപം, സ്വഭാവദൂഷ്യം
3. സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ട ലംഘനം

II. ആയതിനാൽ താങ്കൾക്കെതിരെ 1960-ലെ കേരളാ സിവിൽ സർവീസുകൾ (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) പ്രകാരമുള്ള ശിക്ഷണ നടപടികൾ എടുക്കാതിരിക്കാൻ കാരണം എന്തെങ്കിലുമുണ്ടെങ്കിൽ അതു ബോധിപ്പിക്കാൻ താങ്കളോട് ആവശ്യപ്പെടുന്നു.

താങ്കൾക്ക് പ്രതിവാദ പത്രിക നൽകുന്നതിനായി ഈ വിവരം ലഭിച്ച തീയതി മുതൽ 15 ദിവസം അനുവദിക്കുന്നു. നിർദ്ദിഷ്ട സമയത്തിനുള്ളിൽ താങ്കളുടെ പത്രിക ലഭിക്കുന്നില്ലെങ്കിൽ താങ്കൾക്ക് യാതൊരു വിശദീകരണവും നൽകുവാനില്ലെന്നുള്ള അനുമാനത്തിൽ നടപടികൾ തുടരുന്നതാണ്.

താങ്കളെ നേരിട്ട് കേൾക്കുവാൻ ആഗ്രഹിക്കുന്നുവോ എന്ന് കൂടി അറിയിക്കുവാൻ താങ്കളോട് ആവശ്യപ്പെടുന്നു. ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റിൽപറഞ്ഞിട്ടുള്ള പ്രസക്ത റിക്കാർഡുകൾ താങ്കൾക്ക് പരിശോധിക്കാവുന്നതും അപ്രകാരം ആഗ്രഹിക്കുന്നുവെങ്കിൽ താങ്കളുടെ അപേക്ഷയിന്മേൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം പ്രതിവാദപത്രിക സമർപ്പിക്കേണ്ട അവസാന തീയതിക്കു മുൻപുള്ള ഏതെങ്കിലും പ്രവൃത്തി ദിവസം, പ്രവൃത്തി സമയത്ത് ഈ ഓഫീസിലെ സീനിയർ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ ഹാജരായി താങ്കൾക്ക് ഉദ്ധരണികൾ എഴുതി എടുക്കാവുന്നതുമാണ്. നിർദ്ദേശിച്ച സമയത്തിനകം താങ്കളുടെ രേഖാമൂലമുള്ള പ്രതിവാദപത്രിക ലഭിക്കുന്നില്ലായെങ്കിൽ താങ്കൾക്ക് ഈ കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാൻ ഇല്ലെന്നുള്ള അനുമാനത്തിൽ അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

SHIJU K K<br>
REGIONAL FIRE OFFICER<br>
പാലക്കാട്

III. മേൽപ്പറഞ്ഞ ചാർജ്ജുകൾക്ക് ആധാരമായ ആരോപണങ്ങളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് താഴെ ചേർക്കുന്നു.

**<u>ആരോപണം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്</u>**

പെരിന്തൽമണ്ണ ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ 14.08.2019 ന് പുനർനിയമിക്കപ്പെട്ട സീനിയർ ഫയർ & റെസ്ക്യൂ ഓഫീസർ നം. 4631 ശ്രീ.എസ്. രംഗനാഥൻ, നിരന്തരമായി മേലധികാരിയുടെ അനുമതി കൂടാതെ ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുകയും തുടർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി ഡ്യൂട്ടിയിൽ തിരികെ പ്രവേശിച്ച് തുച്ഛമായ ദിവസങ്ങളിൽ ജോലി നോക്കി വീണ്ടും ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുകയും ചെയ്തു വരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് അച്ചടക്കനടപടി നേരിടുന്ന ശ്രീ. എസ് രംഗനാഥൻ തുടർന്നും 26.11.2021 മുതൽ 04.05.2022 വരെ 160 ദിവസവും, 04.10.2022 മുതൽ 28.03.2023 വരെയുള്ള 176 ദിവസവും, 05.04.2023 മുതൽ 17.08.2023 വരെയുള്ള 135 ദിവസത്തിന്റെയും, 25.08.2023 മുതൽ 02.03.2024 വരെയുള്ള 191 ദിവസത്തിന്റെയും, 07.03.2024 മുതൽ 07.06.2024 വരെയുള്ള 90 ദിവസം വരെയും, മേലധികാരിയുടെ അനുമതി കൂടാതെ ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുകയും തുടർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അവധി അപേക്ഷകൾ സമർപ്പിച്ച് ഡ്യൂട്ടിയിൽ തിരികെ പ്രവേശിച്ച് കുറച്ചു ദിവസങ്ങൾക്ക് ശേഷം വീണ്ടും ഡ്യൂട്ടിയിൽ നിന്നും വിട്ടു നിൽക്കുന്നു. ദീർഘമായ കാലയളവിലേക്കുള്ള ശ്രീ. രംഗനാഥന്റെ മെഡിക്കൽ അവധി അപേക്ഷ പരിഗണിക്കുന്നതിന് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നുള്ള വകുപ്പിന്റെ നിർദ്ദേശം പാലിച്ചു കൊണ്ട് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 18.11.2022, 12.05.2023, 10.08.2023, 10.10.2023 എന്നീ തീയതികളിൽ മലപ്പുറം ജില്ലാ മെഡിക്കൽ

ഓഫീസർ ശ്രീ രംഗനാഥനെ രണ്ടാം വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുന്നതിനായി ശ്രീ രംഗനാഥൻ സമർപ്പിച്ച മേൽവിലാസത്തിൽ തപാൽ അയച്ചിരുന്നെങ്കിലും ആയത് 'Addressee left returned to Sender' എന്ന് കാണിച്ച് മടങ്ങി വരികയാണുണ്ടായത്. ടിയാൻ ഇപ്രകാരം ഡ്യൂട്ടിയിൽ നിന്നും ബോധപൂർവം വിട്ടു നിൽക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് റിപ്പോർട്ട് ലഭ്യമാക്കിയത് പ്രകാരം, ശ്രീ. രംഗനാഥ് എസ് കെ.എം. 5/643, സബർമതി, വികാസ് നഗർ, എസ്.വി മാർക്കറ്റ് പി.ഒ, കരുനാഗപ്പള്ളി, കൊല്ലം ജില്ല, പിൻ-690573 എന്നതാണ് ശ്രീ. രംഗനാഥന്റെ സ്ഥിരം മേൽവിലാസമെന്നും, ശ്രീ. രംഗനാഥൻ 17.08.2019 തീയതി മുതൽ 24.08.2023 തീയതി വരെയുള്ള കാലയളവിൽ പലതവണകളായി ഡ്യൂട്ടിയിൽ നിന്ന് മാറി നിന്നതായും, ടിയാന് M 85133332 എന്ന പാസ്പോർട്ട് ഉണ്ടെന്നും അത് പ്രകാരം യാത്രകൾ നടത്തിയിട്ടുണ്ടെന്നും, ടിയാളുടെ ഭാര്യയും കല്പകഞ്ചേരി പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിച്ചു വരുന്നയാളുമായ ശ്രീമതി ജയശ്രീ, അംബിട്ടഗായത്ത് ഇല്ലം, ആദ്യശ്ശേരി പോസ്റ്റ് വൈലത്തൂർ, മലപ്പുറം ജില്ല എന്നവർ താമസിക്കുന്ന പൊൻകുന്നം പഞ്ചായത്ത് 11/230 നമ്പർ വീട്ടിൽ ടിയാനെ കുറിച്ച് അന്വേഷണം നടത്തിയതിൽ ടിയാൻ ടി വീട്ടിൽ ഇടയ്ക്കിടെ വന്നു പോകാറുണ്ട് എന്നും മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടിൽ കാണുന്നു. ജില്ലാ ഫയർ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം മെഡിക്കൽ ബോർഡിന്റെ മുമ്പാകെ ഹാജരാകാനുള്ള നിർദ്ദേശങ്ങൾ ശ്രീ. രംഗനാഥൻ പാലിക്കുന്നില്ലായെന്നും പാസ്പോർട്ട് വിവരങ്ങൾ സമർപ്പിക്കാതെ വിവരം ബോധപൂർവം മറച്ചു വെച്ചതായും, പാസ്പോർട്ട് സംബന്ധിച്ച് വസ്തുതാവിരുദ്ധമായി മൊഴി നൽകിയെന്നും, കോഴിക്കോട് പാസ്പോർട്ട് ഓഫീസിൽ നിന്നുമുള്ള 06.06.2023 ലെ QATDT0284915 നമ്പർ കത്ത് പ്രകാരം ''a passport bearing no. M8513332 dtd 04.11.2015 was issued by Embassy of India Qatar Doha to one Sri. Ranganath SATHYADEVAN'' എന്ന് അറിയിച്ചിട്ടുള്ളതായും കൂടാതെ ടി പാസ്പോർട്ടിന്റെ കാലാവധി 03.11.2025 വരെ ഉണ്ടെന്നും, ടിയാൻ സ്വദേശത്തെ ശരിയായ മേൽവിലാസം നൽകുന്നില്ലായെന്നും, കുറച്ചു ദിവസങ്ങൾ മാത്രം ജോലിക്ക് ഹാജരായ ശേഷം ദീർഘകാലയളവിലേക്ക് ഡ്യൂട്ടിയിൽ നിന്ന് അപ്രത്യക്ഷനാകുന്നുവെന്നും, സ്പാർക്ക് വിവരങ്ങൾ പൂർണമാക്കുന്നതിന് ആവശ്യപ്പെട്ട വ്യക്തിഗത വിവരങ്ങൾ സമർപ്പിക്കുന്നില്ലായെന്നും, ജില്ലാ ഫയർ ഓഫീസർ നൽകിയ നോട്ടീസിന് വ്യക്തമായ മറുപടി നൽകാതെ ധിക്കാരപരമായി പെരുമാറുന്നതായും, ടിയാൻ ജോലിക്ക് ഹാജരാകാതെ നിലവിൽ വിദേശത്താണെന്ന് മനസ്സിലാക്കുന്നുവെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ആയതിനാൽ ഒരു അച്ചടക്ക സേനയിലെ അംഗമായ താങ്കൾ സർക്കാർ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമായി, മേൽപ്പറഞ്ഞ വിധത്തിലുള്ള നിരുത്തരവാദിത്വപരമായ പ്രവൃത്തി ചെയ്തതിലൂടെ കടുത്ത ശിക്ഷയ്ക്ക് അർഹമായ കുറ്റം ചെയ്തതായി അനുമാനിക്കുന്നു.

IV. ഈ ചാർജ്ജുകൾക്ക് ആധാരമായ രേഖകൾ ചുവടെ ചേർക്കുന്നു.

1. മലപ്പുറം ജില്ല ഫയർ ഓഫീസറുടെ കത്ത് നം. E-8830/21/38 തീയതി 06.12.2023.
2. മലപ്പുറം ജില്ല ഫയർ ഓഫീസറുടെ കത്ത് നം. E-8807/21/39 തീയതി 14.03.2024.
3. മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ കത്ത് നം.

ഡി1-99559/2023/MM തീയതി 01.12.2023.

4. മലപ്പുറം ജില്ല ഫയർ ഓഫീസറുടെ കത്ത് നം. DFOMPM/761/2024-D തീയതി 26.04.2024.
5. മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്ത് നം. ജി2-466985/2023 തീയതി 03.10.2023.
6. മലപ്പുറം ജില്ല ഫയർ ഓഫീസറുടെ കത്ത് നം. A-6056/19 തീയതി 07.09.2023.
7. മലപ്പുറം ജില്ല ഫയർ ഓഫീസറുടെ കത്ത് നം. A-6056/19 തീയതി 24.08.2023.
8. മലപ്പുറം ജില്ല ഫയർ ഓഫീസറുടെ കത്ത് നം. A-6056/19 തീയതി 22.08.2023.
9. മലപ്പുറം ജില്ല ഫയർ ഓഫീസറുടെ കത്ത് നം. E-8830/21/30 തീയതി 14.08.2023.

ഇത് സംബന്ധിച്ച് പെരിന്തൽമണ്ണ നിലയത്തിലെ ജീവനക്കാരെയും ആവശ്യമെന്ന് കണ്ടാൽ മറ്റുള്ളവരെയും വിസ്തരിക്കാവുന്നതാണ്.

Signed by
Shiju K K
Date: 06-06-2024 16:35:22

SHIJU K K
REGIONAL FIRE OFFICER
പാലക്കാട്

സ്വീകർത്താവ്:

ശ്രീ. എസ്. രംഗനാഥൻ
ഫയർ & റെസ്ക്യൂ ഓഫീസർ നം. 4631
പെരിന്തൽമണ്ണ

പകർപ്പ്:

1. ജില്ലാ ഫയർ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സർവീസസ്, മലപ്പുറം
2. സ്റ്റേഷൻ ഓഫീസർ, ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ, പെരിന്തൽമണ്ണ (പെരിന്തൽമണ്ണ സ്റ്റേഷൻ ഓഫീസർ മുഖേന 3 പ്രതികൾ അയക്കുന്നു. അസ്സൽ ജീവനക്കാരന് നൽകി മറ്റൊരു പ്രതിയിൽ ടിയാന്റെ തീയതി സഹിതമുള്ള ഒപ്പ്, പേര് എന്നിവ രേഖപ്പെടുത്തി കൈപ്പറ്റ് രശീതി നൽകേണ്ടതാണ്).